പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

12.12.2018-ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ. 3910

## പട്ടിക സമുദായത്തിൽപ്പെട്ട വിദ്യാർത്ഥിയെ മർദ്ദിച്ച സംഭവം

| | ചോദ്യം<br>ശ്രീ.ടി.എ.അഹമ്മദ് കബീർ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | മങ്കട ഗ്രാമപഞ്ചായത്തംഗം കൊണ്ടപ്പുറത്ത് അനിൽകുമാറിന്റെ മകനും പട്ടിക സമുദായത്തിൽപ്പെട്ട വിദ്യാർത്ഥിയുമായ യദുകൃഷ്ണനെ മർദ്ദിച്ച് അവശനാക്കിയ സാമൂഹ്യ-വിരുദ്ധർക്കെതിരെ പോലീസ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്, വ്യക്തമാക്കാമോ; | (എ), (ബി) & (സി) | മങ്കട പോലീസ് സ്റ്റേഷൻ പരിധിയിലെ കൊരങ്ങൻചോല എന്ന സ്ഥലത്ത് വെച്ച് യദുകൃഷ്ണൻ (വയസ് 21/2018, S/o അനിൽ കുമാർ, കൊട്ടപ്പുറത്ത് വീട്, വെള്ളില പോസ്റ്റ്) എന്നയാളെ കണ്ടാലറിയാവുന്ന 4 പേർ ചേർന്ന് ആക്രമിച്ച സംഭവവുമായി ബന്ധപ്പെട്ട് ടിയാന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ 30.10.2018 തീയതി മങ്കട പോലീസ് സ്റ്റേഷൻ ക്രൈം.നം.184/18 U/s 341, 294 (b), 323, 325 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. ടി കേസിൽ മങ്കട കൂട്ടിൽ ചേരിയം സ്വദേശികളായ നിഷാദ്, മുഹമ്മദ് അഫ്സൽ, ഷംസുദ്ദീൻ, റിയാസ് എന്നീ നാല്പ പ്രതികളെ അറസ്റ്റ് ചെയ്ത് നിയമാനുസൃതം നടപടി സ്വീകരിച്ചിട്ടുണ്ട്. കേസന്വേഷണം ഊർജ്ജിതമായി നടന്നുവരുന്നു. |
| (ബി) | യദുകൃഷ്ണനെ മർദ്ദിച്ചതുമായി ബന്ധപ്പെട്ട് ലഭിച്ച പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | | |
| (സി) | പട്ടിക സമുദായത്തിൽപ്പെട്ട വിദ്യാർത്ഥിയെ മർദ്ദിച്ചവർക്കെതിരെ നിയമപരമായ ശിക്ഷാ നടപടികൾ കൈക്കൊള്ളുമോ; വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ